# തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതി- ഗ്രാവിറ്റി പൈപ്പ് ലൈനും ജലസംഭരണിയും സമ്പും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യആഘാത പഠനം- അന്തിമ റിപ്പോർട്ട്



**കണ്ണൂർ**
17.01.2020

**ചെയർമാൻ**
kmaqly B LmX ]T\ യൂണിറ്റ്
(I b tdmസ്-കണ്ണൂർ)

# തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതി- ഗ്രാവിറ്റി പൈപ്പ് ലൈനും ജലസംഭരണിയും സമ്പും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യആഘാത പഠനം- അന്തിമ റിപ്പോർട്ട്

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ ചൊക്ലി, മാങ്ങാട്ടിടം എന്നീ പഞ്ചായത്തുകളിലും, പാനൂർ മുൻസിപ്പാലിറ്റിയിലും (പാനൂർ,കരിയാട്, പെരിങ്ങളം എന്നീ മുൻ പഞ്ചായത്തുകൾ) അധിവസിക്കുന്ന ജനങ്ങൾക്ക്, നിലവിൽ അനുഭവിച്ചുകൊ ിരിക്കുന്ന ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായി, ജല സംഭരണിയും സമ്പും പമ്പ് ഹൗസും ഗ്രാവിറ്റി പൈപ്പ് ലൈനും നിർമ്മിച്ച് ശുദ്ധജല വിതരണം നടത്തുന്നതിനായി പെരിങ്ങളം, പെരിങ്ങത്തൂർ, പടുവിലായി എന്നീ വില്ലേജുകളിലെ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യ ആഘാത പഠനം നടത്തി, റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെട്ട കയ്റോസ്- കണ്ണൂർ ആവശ്യമായ പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം

## ആമുഖം

നിലവിൽ കണ്ണൂർ ജില്ലയിലെ, തലശ്ശേരി താലൂക്കിൽപ്പെട്ട ചൊക്ലി, മാങ്ങാട്ടിടം എന്നീ ഗ്രാമപഞ്ചായത്തുകളിലും പാനൂർ മുൻസിപ്പാലിറ്റിയിലുമുള്ള രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവിക്കുന്നവരുടെ പ്രയാസങ്ങൾ പരിഹരിക്കാൻ നിലവിലുള്ള ശുദ്ധജലവിതരണ സംവിധാനം തീരെ അപര്യാപ്തമായതിനാൽ, ഇവിടെയുള്ളവരുടെ പ്രശ്ന പരിഹാരത്തിനായി പുതിയ ജലവിതരണ സംവിധാനം കൂടിയേ തീരൂ. മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിലും മുൻസിപ്പൽ പ്രദേശങ്ങളിലും ശുദ്ധജലവിതരണ പദ്ധതിക്ക് ഉതകുന്ന പുഴകൾ ഒന്നും തന്നെ ഇല്ല. ഇതു വഴി ഒഴുകിപോകുന്ന മയ്യഴിപുഴയിൽ(ഈ പ്രദേശത്ത് പെരിങ്ങത്തൂർ പുഴ) നല്ല മഴക്കാലത്തെ ഒന്നോ, ര ാ മാസം ഒഴികെ ബാക്കി എല്ലാ മാസങ്ങളിലും ഉപ്പുവെള്ളമാണ്. കൂടാതെ ഈ ഭാഗങ്ങളിൽ മറ്റ് യോജ്യമായ അരുവികളോ, കിണറുകളോ ഇല്ല. ഇവിടേക്ക് കുടിവെള്ളം വിതരണം ചെയ്യണമെങ്കിൽ മൈലാടി ജലവിതരണ സംവിധാനത്തെ ഉപയോഗിക്കുകയേ നിർവ്വാഹമുള്ളൂ. നിലവിൽ തലശ്ശേരി ഭാഗത്തേക്ക് പ്രതിദിനം മുപ്പത്തിയാറ് ലക്ഷം ലിറ്റർ വെള്ളം വിതരണം ചെയ്യുന്ന സോഴ്സാണിത്. ഇവിടെ വിതരണം കഴിഞ്ഞാൽ 8.85 ലക്ഷം ലിറ്റർ വെള്ളം പ്രതിദിനം വിതരണത്തിനായി



ബാക്കിയു ാകും. ഈ വെള്ളം ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവിക്കുന്ന ചൊക്ലി, പെരിങ്ങളം ഗ്രാമപഞ്ചായത്ത് മേഖലയിലും, പാനൂർ മുൻസിപ്പൽ മേഖലയിലേക്കും വിതരണം ചെയ്യാനാകും.

നിലവിൽ 11.89 ച. കി. മീ. വിസ്തീർണ്ണമുള്ള ചൊക്ലി പഞ്ചായത്തിൽ മിക്കവാറും എല്ലാ ഭാഗത്തും ഉപ്പുവെള്ളമാണ്. അതു പോലെ, കണ്ണൂർ ലോകസഭാമണ്ഡലത്തിൽപെട്ടതും, തലശ്ശേരി നിയമസഭാ മണ്ഡലത്തിൽപെട്ടതുമായ പാനൂർ മുൻസിപ്പാലിറ്റി, മുൻ ഗ്രാമപഞ്ചായത്തുകളായ കരിയാട്, പാനൂർ, പെരിങ്ങളം എന്നിവയെ സംയോജിപ്പിച്ച് 2015- ൽ മുൻസിപ്പാലിറ്റി ആയി മാറിയതാണ്. കണ്ണൂർ നഗര കേന്ദ്രത്തിൽ നിന്ന് ഏകദേശം 30 കി. മീ.അകലെ സ്ഥിതി ചെയ്യുന്ന ഈ മുൻസിപ്പാലിറ്റി, ത്വരിത വികസനത്തിന്റെ പാതയിലാണ്. ഇതിന് സമീപത്തുള്ള പന്ന്യന്നൂർ, മൊകേരി, മാങ്ങാട്ടിടം എന്നീ പഞ്ചായത്തുകളും ശുദ്ധജല ക്ഷാമം അനുഭവിച്ചു വരുന്നു ്. മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിലേയും മുൻസിപ്പാലിറ്റിയിലെയും നിലവിലുള്ള ശുദ്ധജല സ്രോതസ്സുകളായ കിണറുകളിലെ ജലവിതാനം ഓരോ വർഷവും താഴ്ന്നു താഴ്ന്നു വരികയാണ്. ജലനിരപ്പ് താഴുന്നതിനനുസരിച്ച് കുടിവെള്ളത്തിന്റെ ഗുണമേന്മയിലും വ്യത്യാസം വന്നു കൊ ിരിക്കുന്നു. ചില സ്ഥലത്തെ കിണറുകളിലെ വെള്ളം തീർത്തും ഉപയോഗശൂന്യമാണ്. കടുത്ത വേനലിൽ മറ്റു ഗാർഹികാവശ്യങ്ങൾക്ക് ഉപകരിക്കുമായിരുന്ന വെള്ളം തീരെ ഇല്ലാതാവുകയും ചെയ്യുന്നു.

നിലവിലുള്ള മൈലാടി ശുദ്ധജല വിതരണ കേന്ദ്രത്തിൽ നിന്ന് 32 കി. മീ. അകലെയുള്ള കനകമലയുടെ ഒരു ഭാഗത്ത് നിർമ്മിക്കുന്ന സംഭരണിയിലേക്ക് വെള്ളം ഒഴുക്കിക്കൊ ു വരാനും, ഇതേ മലയുടെ അല്പം മുകൾഭാഗത്തായി പുതിയൊരു ഗ്രൗ ് ലെവൽ ടാങ്കിലേക്ക് പമ്പ് ചെയ്ത് കയറ്റി, ഈ വെള്ളം ശുദ്ധജലക്ഷാമം അനുഭവിക്കുന്ന മുകളിൽ സൂചിപ്പിച്ച വിവിധ സ്ഥലങ്ങളിലേക്ക് 2050-ാം ആ ് വരെ ശുദ്ധജല വിതരണം ചെയ്യാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

നിലവിൽ ചൊക്ലി, കരിയാട് പഞ്ചായത്തിൽ പഴയ മിനി റൂറൽ വാട്ടർ സപ്ലൈ പദ്ധതിയു ്. ഇത് അമ്പത് കുടുംബങ്ങൾക്ക് വീതം കൊടുക്കാൻ മാത്രമേ

ഉതകുന്നുള്ളൂ.ഇതിലെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ മാത്രം സ്രോതസ്സിൽ വെള്ളമില്ല. കുടിവെള്ളം ഏറ്റവും കൂടുതൽ അത്യാവശ്യമുള്ള വേനൽക്കാലത്ത് സ്രോതസ്സിൽ തീരെ വെള്ളമില്ലാത്ത അവസ്ഥയാണ്.

നേരത്തെ വ്യക്തമാക്കിയതു പോലെ ത്വരിത വികസനത്തിന്റെ പാതയിലുള്ള ഈ പ്രദേശത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യത്തിന് ഇപ്പോൾ ലഭിച്ചുകൊ ിരിക്കുന്ന വെള്ളം (ഭവനനിർമ്മാണം, വ്യവസായം, മറ്റു സ്ഥാപനങ്ങൾ) തീരെ പര്യാപ്തമല്ല.

മേൽ സൂചിപ്പിച്ച പ്രയാസങ്ങൾ ദൂരീകരിക്കാനും, ഈ മേഖലയിലുള്ളവർക്ക് 2050 വരെയെങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നതിനുമാണ് തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതി വിഭാവനം ചെയ്യുന്നത്.

<u>**ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം**</u>



തലശ്ശേരി മുൻസിപ്പൽ പ്രദേശത്ത് നിലവിൽ ശുദ്ധജല വിതരണം ചെയ്യുന്ന മൈലാടിയിൽ നിന്ന് ഏകദേശം 32 കി. മീ. അകലെയുള്ള കനകമലയിലേക്ക് വെള്ളം ഒഴുക്കിക്കൊ ു വന്ന്, നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സംഭരണിയിൽ കൊ ുവന്ന്, അവിടെ നിന്ന് ഗ്രൗ ് ലെവൽ ടാങ്കിലേക്ക് അടിച്ചുകയറ്റി, പദ്ധതി പ്രദേശത്തേക്ക് നൽകുന്നതിന് വ്യത്യസ്തമായ മൂന്ന് മേഖലകളിലായിട്ടാണ് സ്ഥലം ഏറ്റെടുക്കേ ി വരുന്നത്. തലശ്ശേരി താലൂക്കിലെ പടുവിലായി വില്ലേജിൽ കിണവക്കൽ-വേങ്ങാട് റോഡിലുള്ള ഉരുപ്പുകടവ് പാലത്തിനു സമാന്തരമായി ഒരുപാലം കെട്ടി അതിലൂടെ ഗ്രാവിറ്റി ലൈൻ വലിക്കുവാനും പെരിങ്ങളം വില്ലേജിൽ കനകമലയുടെ താഴെയായി ഋതിക തയ്യൽ പരിശീലന കേന്ദ്രത്തിനു സമീപത്തായി എട്ട് ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള സമ്പും പമ്പ് ഹൗസും സ്ഥാപിക്കാനും, അതേ വില്ലേജിൽ തന്നെ കനകമലയിൽ ശ്രീനാരായണഗുരുകുലത്തിനു സമീപത്തായി 23 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഗ്രൗ ് ലെവൽ ജലസംഭരണി നിർമ്മിക്കുവാനും, പെരിങ്ങത്തൂർ വില്ലേജിൽ കരിയാട് പതിനഞ്ച്ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള OHSR സ്ഥാപിക്കുന്നതിനുമായി ഏറ്റെടുക്കാനു

ദ്ദേശിക്കുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1 | പെരിങ്ങളം | റീ. സ.106/2 | (0.1417H) 35 സെന്റ് |
| 2 | പെരിങ്ങളം | റീ. സ.115/3 | (0.0607 H) 15 സെന്റ് |
| 3 | പെരിങ്ങത്തൂർ | റീ. സ.162/1B2 | (0.1012 H) 25 സെന്റ് |
| 4 | പടുവിലായി | റീ. സ.52/2 | (0.0101 H) 2.5 സെന്റ് |

**പകരം ഭൂമി ലഭ്യത-** മുകളിൽ കാണിച്ചതിൽ നിന്നും മൂന്ന് വില്ലേജുകളിലെ നാല് വ്യത്യസ്ത സർവ്വേ നമ്പറുകളിലുള്ള സ്ഥലമാണ് ഈ പദ്ധതിക്കുവേ ി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഇതിൽ ഒന്നമതായി കാണിച്ച 106/2 ലെ മുപ്പത്തഞ്ച് സെന്റ് സ്ഥലം, പാനൂർ മുൻസിപ്പാലിറ്റി പരിധിയിലെ ഏറ്റവും ഉയർന്ന കനകമലയുടെ ഭാഗമാണ്. ഇത് ശ്രീ നാരായണഗുരുകുലത്തിന്റെ അധീനതയിലുള്ള പതിനാറ് ഏക്കർ ഭൂമിയുടെ ഭാഗമാണ്. നിലവിൽ ഈ ശുദ്ധജലവിതരണപദ്ധതിയുടെ സ്രോതസ്സായ മൈലാടിയിൽ നിന്നും കേവലം 32 കി.മീ. അകലെയാണ് ഈ സ്ഥലം. വിവിധ പഞ്ചായത്തുകളിലെയും പാനൂർ മുൻസിപ്പാലിറ്റി പ്രദേശത്തെയും ഏകദേശം ഒരു ലക്ഷം പേർക്ക് കുടിവെള്ളം എത്തിക്കുന്നതിന് ഗ്രൗ ് ലെവലിൽ ഇരുപത്തി മൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ടാങ്ക് നിർമ്മിക്കുന്നതിനായാണ് ഈ സ്ഥലം ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. പദ്ധതി ഗുണഭോക്തൃ പ്രദേശത്തിന്റെ ഏകദേശം മദ്ധ്യത്തിൽ, ഇത്രയും ഉയരത്തിലുള്ള മറ്റൊരു സ്ഥലം ഈ പ്രദേശത്തില്ല. ഇത്രയും ഉയരത്തിൽ സ്ഥലമെടുത്ത് ടാങ്ക് നിർമ്മിച്ചാൽ മാത്രമേ ഗ്രാവിറ്റി സ്കീമിൽ ഇത്രയും പേർക്ക് വെള്ളമെത്തിക്കാൻ കഴിയുകയുള്ളൂ. ഏദേശം എൺപത്തി അഞ്ച് കോടി രൂപ ചെലവിൽ പണിയാനുദ്ദേശിക്കുന്ന ഈ ബൃഹത് കുടിവെള്ളപദ്ധതി, ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ ഇത്രയും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥലം തന്നെ വേണം. മാത്രവുമല്ല, ഇവിടെ നിർമ്മിക്കാനുദ്ദേശിക്കുന്ന ടാങ്കിലേക്ക് വെള്ളം അടിച്ചു കയറ്റാനുള്ള സമ്പും പമ്പ്ഹൗസും നിർമ്മിക്കാനുള്ള അനുയോജ്യമായ സ്ഥലം, ഇതിനു തൊട്ടു താഴെതന്നെ ലഭിക്കാനിടയു ്. അതിനാൽ തന്നെ പകരം ഭൂമി എന്നത് പ്രായോഗികമല്ല.

ഈ സ്ഥലത്തിനു തൊട്ടു താഴെയായി 115/3 ലെ പതിനഞ്ച് സെന്റ് സ്ഥലം ആറ് ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പിനും പമ്പ് ഹൗസിനുമായി ഏറ്റെടുക്കാനു ്. മൈലാടിയിൽ നിന്നും ഗ്രാവിറ്റി സ്കീമിൽ വെള്ളം ഇവിടത്തേക്ക് ഒഴുക്കികൊ ുവരാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥലം മുൻകാലത്ത് തന്നെ തട്ടുതട്ടായി തിരിച്ചിരിക്കുന്ന സ്ഥലമാണ്. മുകൾഭാഗത്ത് മൂന്ന് മീറ്റർ വീതിയിലും താഴ് ഭാഗത്ത് അഞ്ച് മീറ്റർ വീതിയിലുമാണ് തട്ടായി തിരിച്ചിട്ടുള്ളത്. ഇതുവരെയും ഈ തട്ടുകൾക്ക് ഒരു തരത്തിലുള്ള കേടുപാടുകളും സംഭവിച്ചിട്ടില്ല. കൂടാതെ ഈ സ്ഥലത്തിന്റെ പടിഞ്ഞാറ് വശത്തായി ഏകദേശം ചെറിയ വീതിയിലുള്ള ഒരു ചാൽ ഉ ്. അതേ പോലെ ഈ ഭൂമിയുടെ വടക്ക് കിഴക്ക് ഭാഗം വരെ ര ് മീറ്റർ വീതിയുള്ള ഒരു നടപ്പാതയു ്. ഈ നടപ്പാത, പദ്ധതിക്കാവശ്യമായ ഗതാഗതത്തിനുള്ള അത്യാവശ്യ മാർഗ്ഗമായി രൂപാന്തരപ്പെടുത്താനാകും. ഗ്രാവിറ്റി തലത്തിലൂടെ മൈലാടിയിൽ നിന്നും വെള്ളം എത്തിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ഇത്.

മൂന്നാമതായിട്ടുള്ളത് പെരിങ്ങത്തൂർ വില്ലേജിലെ 161/1B2 നമ്പർ സർവ്വേയിലുള്ള ഇരുപത്തിയഞ്ച് സെന്റ് സ്ഥലമാണ്. ഇത് കനകമലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഗ്രാവിറ്റി ലെവൽ ടാങ്കിൽ നിന്ന് ഗ്രാവിറ്റിയിലൂടെ പതിനഞ്ച് ലക്ഷ ം ലിറ്റർ വെള്ളം സംഭരിക്കാൻ ഉതകുന്ന OHSR നിർമ്മിക്കുന്നതിനാണ്. ഇത് റോഡിനോട് ചേർന്ന് കിടക്കുന്ന, കാര്യമായി ഒന്നുമില്ലാത്ത ഒരു ഉയർന്ന പറമ്പാണ്. ഈ പദ്ധതിക്ക് അനുയോജ്യമായ രീതിയിൽ ജലസംഭരണി സ്ഥാപിക്കാൻ ഉചിതമായ സ്ഥലമാണ്.

മറ്റൊരു സ്ഥലം പടുവിലായി അംശത്തിലെ 52/2 ലെ 2.5 സെന്റ് സ്ഥലമാണ്. ഇത് മൈലാടിയിൽ നിന്ന് ഗ്രാവിറ്റി സ്കീം പ്രകാരം പമ്പ് ഹൗസിലേക്ക് വെള്ളം എത്തിക്കുന്നതിന് പൈപ്പ് ലൈൻ നിർമ്മിക്കുന്നതിനാണ്. ഇത് കിണവക്കൽ-വേങ്ങാട് റോഡിൽ ഇരുപ്പുകടവ് പാലത്തിനു സമീപം ര ര മീറ്റർ വീതിയിൽ 40 മീറ്റർ നീളത്തിലുള്ള സ്ഥലമാണ് ആവശ്യമായി വരുന്നത്. എഴുപത്തിയഞ്ച് സെന്റീമീറ്റർ വ്യാസമുള്ള പൈപ്പ് പാലത്തിലൂടെ മറുകര എത്തിക്കാൻ പാലത്തിനു സമീപന റോഡ് നിർമ്മിക്കാനായിട്ടാണ് സ്ഥലം ആവശ്യമായി വരുന്നത്. ഈ നാല് വ്യത്യസ്ത സ്ഥലങ്ങളും ആവശ്യമായി വരുന്നത് ഒരു സമഗ്ര കുടിവെള്ള പദ്ധതിക്കാണെന്ന് വ്യക്തമാക്കിയിരുന്നല്ലോ. ഓരോ സ്ഥലവും ഈ പദ്ധതിയുടെ വ്യത്യസ്തമായ ആവശ്യത്തിനു വേ ിയാണ് എടുത്തിരിക്കുന്നത് എന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ര ാം നമ്പർ ഫോറത്തിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. പദ്ധതിക്ക് ഏറ്റവും അനുയോജ്യ

മായ സ്ഥലമാണിത്. അതിനാൽ തന്നെ പകരം സ്ഥലം ലഭ്യത പരിഗണിക്കേ തില്ല എന്ന് വ്യക്തമാക്കുന്നു.

## ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ

ആമുഖത്തിൽ വ്യക്തമാക്കിയതു പോലെ ചൊക്ലി, മാങ്ങാട്ടിടം എന്നീ പഞ്ചായ ത്തുകളിലെയും, പാനൂർ മുൻസിപ്പാലിറ്റിയിലെയും, പറ്റുമെങ്കിൽ സമീപ ത്തുള്ള പന്ന്യന്നൂർ, മാങ്ങാട്ടിടം, മൊകേരി എന്നീ പഞ്ചായത്തുകളിലും കടു ത്ത കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ഏകദേശം ഒരു ലക്ഷം പേർക്ക് കുടിവെള്ളം നൽകാനുദ്ദേശിക്കുന്ന ഒരു സമഗ്രകുടിവെള്ളപദ്ധതിയാണിത്. ഇവിടെ ഈ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടുകൊ ് കേരള സർക്കാരിനെ സമീപിച്ചിരിക്കുന്നത് കേരള വാട്ടർ അതോറിറ്റി മാനേ ജിംഗ് ഡയറക്ടർ ആണ്. 1984 ഏപ്രിൽ 1 ന് സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമാണിത്. കേരള സംസ്ഥാനത്തിലെ ജലവിതരണ പദ്ധതികൾ വിക സിപ്പിക്കാനും, നിയന്ത്രിക്കാനും, മലിനജലം സംഭരിച്ച് ഒഴുക്കി കളയാനുമായി ഗവൺമെന്റിന്റെ പൂർണ്ണ ഉടമസ്ഥതയിൽ സ്ഥാപിച്ച ഒരു അധികാര കേന്ദ്രമാ ണിത്. അതിൽ നിന്നും കേരള ജനതയുടെ കുടിവെള്ള പ്രശ്നങ്ങളും പ്രയാസ ങ്ങളും പരിഹരിക്കുന്നതിന് സർക്കാർ മുൻകൈ എടുത്ത് സ്ഥാപിച്ച പൊതു മേഖലാ സ്ഥാപനമാണിത് എന്ന് വ്യക്തമാകുന്നു. ഈ സ്ഥാപനത്തിന് ഭൂമി ഏറ്റെടുക്കാൻ അനുമതിയും, ആവശ്യത്തിന് ഫ ് നൽകുന്നതും കേരള സർക്കാരോ, സർക്കാരിന്റെ ധനസമാഹരണ വിഭാഗമായ KIFBI t b㎜ ആണ്. ഇതിൽ നിന്നും ഈ കുടിവെള്ളപദ്ധതി സാധാരണ ജനവിഭാഗത്തിനുവേ ി യാണെന്ന് വ്യക്തമാണല്ലോ. അതിനാൽ തന്നെ ഈ പദ്ധതിക്കായി ഭൂമി ഏറ്റെ ടുക്കുന്നത് പൊതു ആവശ്യത്തിനു തന്നെയാണ്.

## ഭൂമിയുടെ സ്വഭാവം

തലശ്ശേരി- കൂത്തുപറമ്പ് സമഗ്ര കുടിവെള്ളപദ്ധതിക്കായി ഭൂമി ഏറ്റെടുക്കാനു ദ്ദേശിക്കുന്നത് വ്യത്യസ്തങ്ങളായ മൂന്ന് സ്ഥലത്താണ്. ഇതിൽ ഒന്ന് പെരി ങ്ങളം വില്ലേജിലെ 106/2 ൽപ്പെടുന്ന കനകമലയുടെ ഭാഗമാണ്. ഇതേ ഭാഗത്ത് തന്നെയാണ് 115/3 ലെ സ്ഥലവും സ്ഥിതി ചെയ്യുന്നത്. ഇതിൽ കനകമല ഒരു ജൈവ വൈവിദ്ധ്യകേന്ദ്രമാണ്. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 150 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കനകമല സഞ്ചാരികളുടെ പറുദീസയാണ്. ലങ്കാവിജയത്തിനു ശേഷം സീതാസമേതനായി വരുന്ന രാമനെയും അനുജൻ ലക്ഷമണനെയും സ്വീകരിക്കാനായി കനകൻ എന്ന മഹർഷി അമൂല്യങ്ങളായ കനകദ്രവ്യങ്ങളുമായി കാത്തിരുന്നു എന്നും രാമനും ലക്ഷ്മണനും സീതയും ഇവിടെക്കുള്ള വഴി തെറ്റിയതിനാൽ, അവരെ സ്വീകരിക്കാനാകാതെ

നിരാശനായ മഹർഷി മുഴുവൻ ദ്രവ്യങ്ങളും മണ്ണിൽ കുഴിച്ചുമൂടി സമാധി യായ സ്ഥലമാണ് കനകമല എന്ന് പറയപ്പെടുന്നു. ഇവിടെ ശ്രീ നാരായണ ഗുരുവിന്റെ പേരിലുള്ള ഒരു ആശ്രമം ഉ ്. പഴയ കാലത്ത് സൂഫിവര്യന്മാ രും, ഗുരുക്കന്മാരും തപസ്സുചെയ്തിരുന്നു എന്ന് പറയപ്പെടുന്നു. ഇവിടെ നിന്ന് തലശ്ശേരി കടപ്പുറം വരെ ദൈർഘ്യം ഉള്ള ഒരു ഗുഹയും ഉ ായിരുന്നതായി പറയപ്പെടുന്നു. ഏതു കൊടിയ വേനലിലും വറ്റാത്ത ശുദ്ധജല സ്രോതസ്സായ കനകതീർത്ഥവും, കനകാംബികാ ദേവീക്ഷേത്രവും സ്ഥിതി ചെയ്യുന്ന, അസ്ഥിരം പുഞ്ചയായി കാണിച്ചതാണെങ്കിലും തോട്ടത്തിന്റെ ഭാഗമാണ്.



ഈ സ്ഥലത്തിന്റെ തൊട്ട് താഴെയാണ് 115/3 ലെ ശ്രീമതി തെക്കിലെ ലീലയുടെ ഉടമസ്ഥതയിലുള്ള സ്ഥലം. ഇത് കനകമലയുടെ ഭാഗമാണെങ്കിലും തട്ടു തട്ടായി തിരിച്ചിട്ടുള്ള ഭൂമിയാണ്. മുകൾ ഭാഗത്തെ തട്ട് ഏകദേശം മൂന്ന് മീറ്റർ വീതിയിലാണ്. താഴെ ഭാഗത്ത് ഇത് അഞ്ച് മീറ്റർ വരെ വീതിയു ്. ഇവിടെ തെങ്ങുകളും പടുമരങ്ങളും ഉ ്. തട്ടുതട്ടായി തിരിച്ചതാണെങ്കിലും മണ്ണിടിച്ചിൽ പോലുള്ള പ്രയാസങ്ങൾ ഉ ായിട്ടില്ല. ഇത് തോട്ടമാണ്.



മറ്റൊരു സ്ഥലം പെരിങ്ങത്തൂർ വില്ലേജിലെ 162/1B2 വിലുള്ളതും കരിയാട് നമ്പ്യാർസ് ഹയർ സെക്കന്ററി സ്കൂളിന്റെ സമീപത്തുള്ളതും ഗാന്ധി സ്മാരക സമിതിയുടെ കൈവശമുള്ളതുമായ ഒരു ഉയർന്ന പറമ്പാണ്. ഒറ്റൊറ്റ കാട്ടുമരങ്ങൾ ഉള്ള ഈ പറമ്പിന്റെ പല ഭാഗത്തായി തൊഴിലുറപ്പു പദ്ധതി

യിൽപ്പെടുത്തി മഴക്കുഴികൾ നിർമ്മിച്ചിട്ടു ്. അതുപോലെ തന്നെ ഈ ഭൂമിയിൽ പഴയ ഒരു ജലവിതരണ സംവിധാനത്തിന്റെ പൈപ്പ് ലൈനും ഒരു തറയും കാണുന്നു. ഇത് അസ്ഥിരം പുഞ്ച വിഭാഗത്തിലാണെങ്കിലും തോട്ടം വിഭാഗമാണ്.

മറ്റൊരു ഭൂമി സ്ഥിതി ചെയ്യുന്നത് പടുവിലായി വില്ലേജിൽ 52/2 ലാണ്.



ഇത് കിണവക്കൽ-വേങ്ങാട് റോഡിൽ ഇരുപ്പുകടവ് പാലത്തിനു സമീപത്തുള്ള സ്ഥലമാണ്. നിലവിലെ റോഡുപാലത്തിനു സമാന്തരമായി ഒരു പാലം കെട്ടി അതിലൂടെ എഴുപത്തിയഞ്ച് സെന്റീമീറ്റർ വ്യാസമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്, പാലത്തിന് ഒരു സമീപന റോഡിനായാണ് ഈ സ്ഥലം ഏറ്റെടുക്കാനുദ്ദേശിക്കുന്നത്.

ഭൂഉടമകളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു

| ക്രമ നമ്പർ | ഭൂമിയുടെ ഉടമസ്ഥർ | വിസ്തീർണ്ണം (ആർ) | സ്വഭാവം |
|---|---|---|---|
| 1 | ഗുരുമുനിനാരായണ പ്രസാദ് | 14.17 | അസ്ഥിരം പുഞ്ച |
| 2 | ശ്രീമതി തെക്കിലെ ലീല | 6.07 | തോട്ടം |
| 3 | സേവാകേന്ദ്രം, കരിയാട് | 10.12 | അസ്ഥിരം പുഞ്ച |
| 4 | ശ്രീ ഫാറൂഖ് | 1.01 | തോട്ടം |

ഈ കാണിച്ചിരിക്കുന്ന സ്ഥലങ്ങൾ, മുകളിൽ സൂചിപ്പിച്ചതു പോലെ പെരിങ്ങളം, പെരിങ്ങത്തൂർ, പടുവിലായി എന്നീ വില്ലേജുകളിലാണ് സ്ഥിതി ചെയ്യുന്നത്.

## <u>കൃഷികൾ</u>

### 1. കനകമല

നിലവിൽ മുഴുവൻ കാടുപിടിച്ച് കിടക്കുന്ന സ്ഥലം. ആദ്യകാലത്ത് കൃഷി എന്ന നിലയിൽ കശുമാവുകൾ ഉ ായിരുന്നു. അതുകൊ ു തന്നെ ഇത് പാട്ടത്തിനെടുക്കാൻ നാട്ടുകാർ മുന്നോട്ട് വരുമായിരുന്നു. എന്നാൽ ഇപ്പോൾ മൊത്തത്തിൽ വള്ളിപ്പടർപ്പുകളും മറ്റും കൊ ് കാടുപിടിച്ചു കിട

ക്കുന്നതിനാലും, കശുമാവിൻ തോട്ടം കാട് വെട്ടി വൃത്തിയാക്കാത്തതിനാലും ആരും തന്നെ പാട്ടത്തിനെടുക്കാറില്ല എന്നറിയാൻ കഴിഞ്ഞു. ഇവിടെ ഇപ്പോൾ ചില കാട്ട് മരങ്ങളും(ബങ്കണമരം) കശുമാവുകളും വള്ളിപ്പടർപ്പു കളും കാടും മാത്രമാണുള്ളത്. അതിനാൽ തന്നെ ഈ സ്ഥലത്ത് യാതൊരു കൃഷിയുമില്ല.

2. ശ്രീമതി തെക്കിലെ ലീലയുടെ കൈവശമുള്ള, തട്ടുതട്ടായി തിരിച്ചിരിക്കുന്ന ഈ ഭൂമിയിൽ അങ്ങിങ്ങായി പതിനാറോളം തെങ്ങുകൾ ഉ ്. ഈ സ്ഥലത്ത് ഏറെ പടുമരങ്ങളും ഉ ്. ഈ തെങ്ങുകളിൽ കായ്ഫലമു ള്ളതും ഇല്ലാത്തതും ഉ ്. പറമ്പിൽ അങ്ങിങ്ങായിട്ടാണ് തെങ്ങുകൾ ഉള്ളത്.
3. സേവാകേന്ദ്രത്തിന്റെ പറമ്പിൽ അഞ്ചോളം തെങ്ങുകളും കശുമാവും കാട്ട് മരങ്ങളും, ഒരു മഹാഗണിയുമാണ് ഉള്ളത്. ഇത് പൊതുവെ കൃഷി ഭൂമി അല്ല.
4. പടുവിലായിയിൽ നാൽപ്പത മീറ്റർ നീളത്തിലും ര ര മീറ്റർ വീതി യിലും ഏകദേശം നൂറ് മീറ്റർ സ്ക്വയർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. ഈ പറമ്പിൽ അഞ്ച് തെങ്ങ്, നാല് കവുങ്ങ്, ഒരു മാവ്, ഒരു പ്ലാവ്, ഒരു തേക്ക് എന്നിവയാണ് ഉള്ളത്. ഇവിടെയും കൃഷി എന്ന രീതിയിൽ ഒന്നു മില്ല.

**<u>സ്ഥാപനങ്ങൾ</u>**

നേരത്തെ സൂചിപ്പിച്ചതുപോലെ വ്യത്യസ്ത വില്ലേജുകളിലായി കിടക്കു ന്നതും ഏറ്റെടുക്കാനുദ്ദേശിക്കുന്നതുമായ സ്ഥലത്ത് ഒരു തരത്തിലുള്ള സ്ഥാപനങ്ങളും ഇല്ല

**<u>സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന</u>**

തലശ്ശേരി കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്കായി വിവിധ ഘട കങ്ങൾ നിർമ്മിക്കുന്നതിന് പെരിങ്ങളം, പെരിങ്ങത്തൂർ, പടുവിലായി വില്ലേജു കളിലെ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള വ്യത്യസ്ത സർവ്വേ നമ്പറുക ളിലെ 31.37 ആർ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാഹൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ടിരിക്കുന്നത് കഴിഞ്ഞ ഇരുപത് വർഷമായി കണ്ണൂർ ബർണ്ണശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന Track A NGO ആയ കയ്റോസ് (Kannur Association for

Integrated Rural Organization and Support) കണ്ണൂരിനെയാണ്. കണ്ണൂർ ജില്ലാ കളക്ടറുടെ 26.07.2019 ലെ DCKNR/12568/18-C6 നമ്പർ നടപടി ക്രമപ്രകാരമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 13.11.2019 ലെ 2767-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു ്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ശ്രീ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ.കെ വി ചന്ദ്രൻ (റിട്ട.ഫിഷറി ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രമതി. ജെസി റെജി (ഡി. റ്റി. പി ഓപ്പറേറ്റർ) | അംഗം |

**<u>പഠനോപാധികൾ</u>**

മേൽ കാണിച്ചിരിക്കുന്ന സംയോജിത കുടിവെള്ള പദ്ധതിക്കായി മൂന്ന് വില്ലേജുകളിലായി കിടക്കുന്ന 31.37 ആർ സ്ഥലമാണ് ഏറ്റെടുക്കപ്പെടേ ത്. ഇത് ര ് സ്വകാര്യ വ്യക്തികളുടെയും ര ് സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ളതാണ്. Participatory Observation, Beneficiary Assessment എന്നീ ടൂളുകൾ ഉപയോഗിച്ചാണ് പഠനം നടത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം നേരിൽ ക ്, അതിന്റെ വ്യത്യസ്തങ്ങളായ പ്രത്യേകതകൾ പഠിക്കാനും സാധിച്ചിട്ടു ്. കൂടുതൽ പഠനോപാധികൾ ഒന്നും തന്നെ ആവശ്യമായി വന്നിട്ടില്ല.

**<u>ബന്ധപ്പെട്ടവരെ കേൾക്കൽ</u>**

തലശ്ശേരി താലൂക്കിൽ പെരിങ്ങളം വില്ലേജിൽ നടപ്പിലാക്കാൻ പോകുന്ന തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്ക് അനുബന്ധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് 77.5 സെന്റ് (31.37 ആർ) സ്ഥലം ഏറ്റെടുക്കുന്നതിനോ



ടനുബന്ധപ്പെടുത്തി സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന്റെ ഭാഗമായി, പഠന യൂണിറ്റായ കയ്റോസ്- കണ്ണൂർ, സ്ഥലമുടമകളുടെയും തൽപ്പര കക്ഷികളുടെയും പൊതു കേൾക്കൽ യോഗം 2019 ഡിസംബർ 5 ന് വ്യാഴാഴ്ച രാവിലെ 11 മണിക്ക് അംിയാരം സൗത്തിലുള്ള ശ്രീ നാരായണഗുരു വിജ്ഞാന കേന്ദ്രത്തിൽ ചേർന്നിരുന്നു. അവിടെ ഉയർന്നു വന്ന നിർദ്ദേശങ്ങളും പരാതികളും താഴെ കാണിച്ചിരിക്കുന്നു. യോഗത്തിൽ 15 പേർ പങ്കെടുത്തു.



സാമൂഹ്യ ആഘാത പഠന യൂണിറ്റ് അംഗം ശ്രീ. കെ.വി ചന്ദ്രൻ യോഗത്തിൽ സ്വാഗതം ആശംസിച്ച് പദ്ധതിയെക്കുറിച്ച് ആമുഖമായി സംസാരിച്ചു. തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ പ്രകാശൻ പദ്ധതിയുടെയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചും നാല് വ്യത്യസ്ത സ്ഥലത്ത് ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ചും വർഷങ്ങൾക്ക് മുമ്പേ സർവ്വേ നടത്തിയതിനനുസരിച്ചാണ് പദ്ധതി വരുന്നത് എന്നും വിശദീകരിച്ചു.

**<u>നിർദ്ദേശങ്ങൾ</u>**

1. **അനന്തൻ എ കെ (പരിസരവാസി)** - കനകമലയുടെ ഏത് ഭാഗത്തും മുകളിലാണ് വെള്ളം. ഇവിടെ ഇത്രയും വലിയ ടാങ്ക് നിർമ്മിച്ചാൽ നില നിൽക്കുമോ എന്ന് ഭയപ്പെടുന്നു. മുകളിൽ നിന്ന് ഉറവ വന്നുകൊ യിരിക്കും. നാളെ കവളപ്പാറ പോലെ ഒരു ദുരന്തം ഉ ായാൽ ജനങ്ങൾക്ക് പ്രയാസമായിരിക്കും
2. **ശാന്ത (നിർദ്ദിഷ്ട ടാങ്കിന് തൊട്ട് താഴെ താമസിക്കുന്ന വ്യക്തി)**– മഴക്കാലത്ത് മലയിൽ നിന്ന് അരുവി പോലെ വീട്ടു പറമ്പിലൂടെ മഴ വെള്ളം അതിശക്തിയായി വന്നുകൊ യിരിക്കും. ഇത്തവണത്തെ മഴയിൽ ഉരുൾപ്പൊട്ടൽ ഭയന്നിരുന്നു.

3. **ലീല (സ്ഥലമുടമ)** - എന്റെ അനുവാദമില്ലാതെയാണ് സർവ്വേ നടത്തി അടയാളപ്പെടുത്തിയിരിക്കുന്നത്. ഇതൊന്നും ഞാൻ അറിയുന്നില്ല. സ്വന്തമായി എനിക്കോ, എന്റെ നാല് മക്കൾക്കോ വീടില്ല. പൈതൃക മായി ലഭിച്ച സ്വത്താണ്. ഇപ്പോൾ ഭർത്താവിന്റെ സഹോദരിയുടെ ഒപ്പ മാണ് താമസിക്കുന്നത്. ഈ പറമ്പിൽ ഒരു വീട് നിർമ്മിച്ച് താമസിക്കാൻ ആഗ്രഹിക്കുന്നു. ഈ പദ്ധതിക്കായി സ്ഥലം വിട്ട് നൽകാൻ എനിക്ക് സമ്മതമല്ല.
4. **പദ്മജ(നിർദ്ദിഷ്ട ടാങ്കിന് തൊട്ട് താഴെ താമസിക്കുന്ന വ്യക്തി)**- ശാന്ത യുടെ അതേ അഭിപ്രായം
5. **അനിത (പരേതനായ രവീന്ദ്രന്റെ ഭാര്യ)** - ലീലയുടെ സ്ഥലത്തിന് തെക്ക് ഭാഗത്താണ് സ്ഥലമുള്ളത്. ഇത് കൂട്ടു സ്വത്താണ്. ഭർത്താവിന്റെ ജേഷ്ഠന് സ്വന്തമായി വീടില്ല. ഈ സ്ഥലത്ത് വീടെടുക്കാൻ ആഗ്രഹി ക്കുന്നു. ഇവിടെ ജലസംഭരണ ടാങ്കും മറ്റും വരുമ്പോൾ, നിർമ്മിക്കാനുദ്ദേശിക്കുന്ന വീടിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുമെന്ന് ഭയപ്പെടുന്നു.
6. **സുനിത ശ്രീജിത്ത്**-അനിതയുടെ തൊട്ടടുത്ത ചെരിവിൽ താമസിക്കു ന്നു. ഇവിടെ ജലസംഭരണ ടാങ്കും മറ്റും വരുമ്പോൾ, ഭാവിയിൽ എന്റെ വീടിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുമെന്ന് ഭയപ്പെടുന്നു.
7. **അനന്തൻ** ടി.എം **(പരിസരവാസി)** - ഈ പുതിയ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും കൂറ്റൻ ജലസംഭരണ ടാങ്കും താങ്ങാനുള്ള ശേഷി കനകമലയ്ക്ക് ഉ ാ എന്ന ഭയമു ്. പല പദ്ധ തികളലും ദുരൂഹതയു ്. കനകമല മുഴുവൻ ഇളകി കിടക്കുന്ന മണ്ണാ ണ്.
8. **ഷിജോയ് - (പരിസരവാസി)**- ഇപ്പോൾ താമസിച്ചു വരുന്ന വീടിന് മുക ളിലായി ര ് നീരുറവകളു ്. ഈ നീരുറവയിലുള്ള വെള്ളമാണ് സമീപത്തുള്ള നാല് വീട്ടുകാർ ഉപയോഗിക്കുന്നത്. വീടിന് മുകളിലായി വലിയ പാറക്കെട്ടുകളും മറ്റുമു ്. വീട് നിർമ്മാണത്തിന് മണ്ണെടുത്ത സ്ഥലത്ത് ഈ വർഷത്തെ മഴയിൽ മണ്ണിടിഞ്ഞ് കിണർ താണ് പോവു കയും വീടിന്റെ സൺഷെയിഡിന് തകരാർ സംഭവിക്കുകയും ചെയ്തു.
9. **ജഗജീവൻ (പരിസരവാസി)**- നല്ല മഴക്കാലത്ത് ഈ പദ്ധതി പ്രദേശത്ത് നീരൊഴുക്കു ്. ഇത് പുതിയ നിർമ്മിതിക്ക് ഭീഷണി ഉ ാക്കും. ഇതിന് മേലേയുള്ള പാറക്കെട്ടുകളും ഭീഷണി തന്നെയാണ്. ഇതിന് ചുറ്റുപാടു മുള്ള ഏകദേശം നൂറ്റിയമ്പതോളം കുടുംബങ്ങൾക്കും ദോഷം ചെയ്യും.
10. **മഹേഷ് (മുൻഗ്രാമപഞ്ചായത്തംഗം)**- നിലവിൽ കനകമലയുടെ വിവിധ ഭാഗങ്ങളിലായി നാല് ചെറുകിട കുടിവെള്ള പദ്ധതി ടാങ്കുകൾ ഉ ്.

വലിയ ജലസംഭരണ ടാങ്ക് നിർമ്മിക്കുകയാണെങ്കിൽ കനകമലയുടെ നിലനിൽപ്പു തന്നെ അപകടത്തിലാകും. ഉരുൾപ്പൊട്ടൽ ഭീഷണിയു ്. പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ അന്നത്തെ ജില്ലാ കളക്ടർ ശ്രീമതി ഇഷിത റോയ് ഐ.എ. എസ് സ്ഥലം സന്ദർശിച്ച് ജനങ്ങൾക്ക് ജാഗ്രതാ മുന്നറിയിപ്പ് നൽകിയിരുന്നു.

11. **ശ്രീജിത്ത് ലാൽ (പരിസരവാസി)** – പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ സ്ഥലം അടയാളപ്പെടുത്താൻ വന്ന സമയത്ത്, വലിയ രീതിയിലുള്ള ടാങ്ക് നിർമ്മാണത്തിന് മണ്ണ് നീക്കം ചെയ്താൽ പ്രകൃതി ദുരന്തം ഉ ാകും എന്ന് റവന്യു അധികൃതരെ അറിയിച്ചിരുന്നു. ഇപ്പോൾ തന്നെ സ്ഥലവാസികൾ അവരവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിന്നും, ക്രമാതീതമായ തോതിൽ മണ്ണെടുത്തതിനാൽ മണ്ണിടിഞ്ഞ് വീണ് അപ കടം ഉ ായിട്ടു ്. ഇപ്പോഴുള്ള പഴയ നാല് ടാങ്കുകൾ പ്രകൃതിക്ക് ദോഷമില്ലാതെയാണ് ചെയ്തത്. വലിയ ടാങ്ക് അപകടഭീഷണി തന്നെ യാണ്. കനകമലയുടെ ഏറ്റവും മുകളിൽ പരിശോധനയ്ക്ക് വിധേയ മായി വലിയ ടാങ്ക് നിർമ്മിക്കുന്നത് പരിഗണിക്കാവുന്നതാണ്. മുൻപ് സ്വകാര്യ മേഖലയിൽ ഈ സ്ഥലത്ത് ഒരു കോളേജ് നിർമ്മിക്കാൻ ആലോചനയു ായപ്പോൾ നാട്ടുകാർ ഒറ്റക്കെട്ടായി മനുഷ്യച്ചങ്ങല നിർമ്മിച്ച് പ്രതിഷേധിച്ചിരുന്നു. തുടർന്ന് പദ്ധതി ഉപേക്ഷിക്കപ്പെട്ടു.

12. **ഷാജി (കനകമല സംരക്ഷണ സമിതി കൺവീനർ ആന്റ് മുൻഗ്രാമപഞ്ചായത്തംഗം)** – പ്രദേശത്തിന്റെ കുടിവെള്ള ക്ഷാമം പരി ഹരിക്കാൻ ജനപ്രതിനിധികളുടെ സമ്മർദ്ദഫലമായാണ് ഈ പദ്ധതി വരുന്നത്. 1990 കളിൽ തന്നെ കനകമല സംരക്ഷിക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉ ായിട്ടു ്. അക്കാലത്തെ ജില്ലാ കളക്ടറായിരുന്ന ശ്രീ വി. എസ്. സെന്തിൽ ഐ.എ. എസ്, അസി. കളക്ടർ ശ്രീമതി ഇഷിത റോയ് ഐ.എ. എസ് എന്നിവർ മല സന്ദർശിച്ച് ജിയോളജി സ്റ്റിനെ പരിശോധനയ്ക്കായി നിയോഗിക്കുകയും അവരുടെ പഠനത്തെ തുടർന്ന് കല്ല്കെട്ടുന്നത് നിർത്തിവെക്കാൻ ഉത്തരവു ായിരുന്നു. കന കമലയിൽ 52 പടവുകളുള്ള (100 അടി താഴ്ച) കിണറു ്. അടിഭാഗം വരെ ഇളകിയ മണ്ണ് മാത്രമായിരുന്നു. പരിസ്ഥിതി ദുർബല മേഖലയാ ണിത്. താഴ്വാരത്തിൽ പുതിയ വീട് നിർമ്മിക്കുന്നതിനായി മണ്ണ് നീക്കിയ സ്ഥലത്തൊക്കെ മണ്ണിടിഞ്ഞ് അപകടം ഉ ായിട്ടു ്.

ഇത് കാരണം സ്ഥലമുടമകളും പരിസ്ഥിതി പ്രവർത്തകരും തമ്മിൽ തർക്കമു ായിരുന്നു. ഏറ്റവും ചെരിവുള്ള സ്ഥലത്താണ് ടാങ്ക് നിർമ്മിക്കാൻ സ്ഥലം ക ിരിക്കുന്നത്. നീക്കുന്ന മണ്ണ് മറ്റൊരു ഭാഗത്തേക്ക് മാറ്റാൻ പറ്റില്ല. മഴക്കാലത്ത് ഈ മണ്ണ് ഒഴുകി സമീപ പ്രദേ

ശത്തുള്ള കിണറുകളിലേക്ക് ഒഴുകി വരും. പദ്ധതി ഒഴിവായി പോകാതെ, ഘടന മാറ്റി കനകമലയുടെ മുകളിലാണ് എങ്കിൽ ഇത് താങ്ങാനുള്ള ശേഷി കനകമലയ്ക്ക് ഉ ാ എന്ന് പരിശോധിക്കണം. ആറ് മീറ്ററോളം താഴ്ചയിൽ ഉരുളൻ കല്ലുകളാണ് ഉള്ളത്. വലിയ ടാങ്ക് ഒഴിവാക്കണം. ചെറുതാണെങ്കിൽ ഏറ്റവും മുകളിൽ സ്ഥാപിച്ചാൽ മതി. ഇല്ലെങ്കിൽ കനകമലയ്ക്ക് തൊട്ടുതാഴെയുള്ള കരുവാൻകുന്നിൽ സ്ഥാപിക്കാൻ പറ്റുമോ എന്ന് നോക്കാവുന്നതാണ്. ഈ കുന്നിന്റെ അടി ഭാഗം കരിങ്കൽ പാറയാണ്. അതിനാൽ പില്ലർ സ്ഥാപിച്ച് ടാങ്ക് നിർമ്മിക്കുന്ന കാര്യം പരിഗണിച്ചു കൂടെ.

13. **ഗിരീഷ് (ഗുരുമുനി നാരായണ പ്രസാദിനു വേ ി ഗുരുകുല അന്തേ വാസി)**

    ഞാൻ ഈ സ്ഥലക്കാരനല്ല. ഗുരുവിന്റെ നിർദ്ദേശാനുസരണമാണ് കന കമലയിൽ താമസിക്കുന്നതും ഈ യോഗത്തിൽ പങ്കെടുക്കുന്നതും. ഈ പദ്ധതിയുമായി ഏത് തരത്തിലുള്ള അഭിപ്രായവും പറയേ ത് ഗുരു സ്വാമിയാണ്. പദ്ധതി നടത്തിപ്പുകാരുടെ പേരും മൊബൈൽ നമ്പറും ഗുരുവിനു നൽകാനായി എനിക്ക് തരണം. പദ്ധതിയെക്കുറിച്ച് യാതൊന്നും അറിയാത്തതിനാൽ വ്യക്തമായി അറിഞ്ഞതിനു ശേഷം മാത്രമേ അഭിപ്രായം പറയുകയുള്ളൂ.

പൊതുഅവകാശവാദയോഗത്തിൽ ഉയർന്നുവന്ന, ഭൂവുടമകളുടെയും തല്പരകക്ഷികളുടെയും, നിർദേശങ്ങൾ അഭിപ്രായത്തിനായി അർത്ഥനാധികാരിയായ കേരളവാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു അയച്ചുകൊടുത്തിരുന്നു. എക്സിക്യൂട്ടീവ് എൻജിനീയർ അയച്ചുതന്ന അഭിപ്രായങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

**<u>പോയിന്റുകൾ 1, 2, 4, 7, 12</u>** : അഭിപ്രായം പറഞ്ഞ എല്ലാവരും കനകമല പ്രദേശം പരിസ്ഥിതി ദുർബലമാണെന്നും പുതിയ ടാങ്ക് നിർമ്മാണം പരിസ്ഥിതിക്ക് ദോഷം ചെയ്യുമെന്നും അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ ഇത് സംബന്ധിച്ചു ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ കൂടുതൽ വിശദമായ പരിസ്ഥിതി ആഘാതപഠനം, ജിയോളജി സംബന്ധിച്ച പഠനം എന്നിവ ബന്ധപ്പെട്ട ഏജൻസികളെ നിയോഗിച്ചു നടത്തണമെന്ന് നിർദ്ദേശിക്കുന്നു.

**<u>പോയിന്റ് നമ്പർ 3</u>** : സർവ്വേ ചെയ്യുന്ന വിവരം ഫോണിലൂടെയും, തൊട്ടടുത്ത താമസിക്കുന്ന സഹോദരി മുഖേനെയും അറിയിച്ചിരുന്നു. മറ്റു സ്ഥലങ്ങളിൽ വീടോ കെട്ടിടമോ ഉണ്ടോ എന്നത് റവന്യൂ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തേണ്ടതാണ്.

**<u>പോയിന്റ് നമ്പർ 5 , 6:</u>** പുതിയ ടാങ്ക് വരുന്നത് കൊണ്ട് നിലവിലുള്ള വീടുകൾക്കോ, മറ്റു കെട്ടിടങ്ങൾക്കോ യാതൊരുവിധ സുരക്ഷാഭീഷണിയുമില്ല. ടാങ്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദമായ മണ്ണ് പരിശോധനകൾ നടത്തി, അനുയോജ്യമായ ഫൌണ്ടേഷൻ ഡിസൈൻ ചെയ്താണ് ടാങ്ക് നിർമ്മിക്കുക. കൂടാതെ ഭൂതല സംഭരണിയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ യാതൊരുവിധ സുരക്ഷാ ഭീഷണിയുമില്ല.

## <u>പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ</u>

തലശ്ശേരി-കൂത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്കായി വ്യത്യസ്ത വില്ലേജുകളിൽപ്പെട്ട 31.37 ആർ സ്വകാര്യ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ആഘാതങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

## <u>തൊഴിലിനു ാകുന്ന ആഘാതം</u>

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് 31.37 ആർ സ്ഥലമാണെങ്കിലും ഇത് മൂന്ന് വില്ലേജുകളിലായിട്ടാണ് കിടക്കുന്നത്. ഏറ്റവും വിസ്തീർണ്ണമുള്ളത് കനകമലയുടെ ഭാഗമാണ്. ഇത് കാട് പിടിച്ച് കിടക്കുന്നു. മറ്റൊരു സ്ഥലം കനകമലയുടെ താഴ്വാരമാണ്. ഈ വ്യത്യസ്തമായ നാല് സ്ഥലത്തെ ആശ്രയിച്ച് ആരും തന്നെ ഒരു തരത്തിലുള്ള തൊഴിലിലും ഏർപ്പെടുന്നില്ല. അതിനാൽ ഈ സ്ഥലം കൊ ് തൊഴിലിന് ആഘാതം ഉ ാകുന്നില്ല.

## <u>വരുമാനത്തിനുള്ള ആഘാതം</u>

നേരത്തെ വ്യക്തമാക്കിയതുപോലെ, കനകമലയുടെ ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭാഗം ഒരു കശുമാവിൻ തോട്ടത്തിന്റെ ഭാഗമായിരുന്നു. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി, കാടുപിടിച്ചു കിടക്കുന്ന സ്ഥലമായതിനാൽ ആരും തന്നെ ഇവിടെ കശുവ ി ശേഖരണം പാട്ടവ്യവസ്ഥയിൽ എടുക്കുന്നില്ല. ഇവയൊക്കെ ശേഖരിക്കാൻ പ്രയാസമുള്ള ഭാഗവുമാണ്. അതിനാൽ തന്നെ കനകമലയുടെ ഉടമസ്ഥർക്ക് ഈ സ്ഥലത്ത് നിന്ന് നിലവിൽ യാതൊരു ആദായവും ലഭിക്കുന്നില്ല.

ഈ സ്ഥലത്തിന് തൊട്ട് താഴെയായിട്ടുള്ളത് ശ്രമതി തെക്കിലെ ലീലയുടെ പതിനഞ്ച് സെന്റ് സ്ഥലമാണ്. ഈ പറമ്പിൽ പലയിടങ്ങളിലായി പതി

നാറ് തെങ്ങുകൾ ആണുള്ളത്. ഇതിൽ കായ്ഫലമുള്ളതും ഇല്ലാത്തതും ഉ ്. സ്ഥലം ഉടമ ഈ പരിസരത്തല്ല ഇപ്പോൾ താമസിച്ചു വരുന്നത്. ഇവരുടെ ജീവിതം ഈ പറമ്പിലെ ആദായം കൊ ല്ല എന്നു മനസ്സിലാക്കാൻ സാധിച്ചിട്ടു ്. അതിനാൽ തന്നെ ഈ സ്ഥലമെടുപ്പും വരുമാനത്തിനെ ബാധിക്കുന്നില്ല.

ഏറ്റെടുക്കാനുദ്ദേശിക്കുന്ന മൂന്നാമത്തെ സ്ഥലം ഗാന്ധിജി സേവാ കേന്ദ്രത്തിന്റെ ഭരണസമിതിയുടെ കീഴിലാണ്. 25 സെന്റ് വിസ്തീർണ്ണമുള്ള ഈ പറമ്പിൽ ആകെ അഞ്ച് തെങ്ങുകൾ മാത്രമാണുള്ളത്. പിന്നെയുള്ളത് ഒന്നോ, രേ ാ കവുങ്ങുകളും. ഇതിന്റെ വരുമാനം സേവാഗ്രാം ട്രസ്റ്റിനെ ബാധിക്കുന്നേയില്ല. അതിനാൽ ഇവിടെയും വരുമാനത്തിന് ആഘാതമു ാകുന്നില്ല. നാലാമത്തെ സ്ഥലം പടുവിലായി വില്ലേജിലെ ശ്രീ ഫാറൂക്കിന്റേതാണ്. ഇത് റോഡിന് സമാന്തരമായി 40 മീറ്റർ നീളവും ര ര മീറ്റർ വീതിയിലുമാണ്. ഇതിൽ ചെറിയ അഞ്ച് തെങ്ങുകളും നാല് കവുങ്ങുകളും ഒരു മാവ്, പ്ലാവ്, തേക്ക് എന്നിവയുമാണ്. ഇതിൽ നിന്ന് കാര്യമായ ആദായമൊന്നും ലഭിക്കുന്നില്ല. ഇതിലെ ആദായക്കുറവ് ഫാറൂക്കിനെ സ്വാധീനിക്കുന്നുമില്ല.

മൊത്തമായി നോക്കുകയാണെങ്കിൽ ഈ സ്ഥലം ഏറ്റെടുക്കുന്നതു കൊ ് ഉടമകളുടെ വരുമാനത്തിന് ആഘാതമൊന്നും ഉ ാകുന്നില്ല.

<u>**പാരിസ്ഥിതിക ആഘാതം –**</u> സമുദ്ര നിരപ്പിൽ നിന്ന് ഏകദേശം 150 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കനകമലയുടെ ഒരു ഭാഗം ഗ്രൗ ് ലെവൽ ടാങ്കിനായാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. മൊത്തത്തിൽ 116 ഏക്കറോളം വിസ്തീർണ്ണമുള്ള കനകമലയിൽ 18.5 ഏക്കർ ഭൂമിയാണ് ശ്രീനാരായണ ഗുരുകുലത്തിന്റെ അധീനതയിലുള്ളത്. ഇത് ജൈവവൈവിദ്ധ്യങ്ങളുടെ കേന്ദ്രമാണ്. സ്വദേശികളും വിദേശികളുമായ സഞ്ചാരികളെ ഏറെ ആകർഷിക്കുന്ന ഒരു കേന്ദ്രം കൂടിയാണിത്. ആശ്രമസ്ഥലം മൊത്തത്തിൽ വള്ളിപടർപ്പുകളും വൃക്ഷങ്ങളും കൊ ് ഒരു നിബിഢ വനത്തിന്റെ പ്രതീതി ഉളവാക്കുന്നു. ഇത് ഒരു നീർമറി പ്രദേശം കൂടിയാണ്. ഈ സ്ഥലത്ത് വർഷങ്ങൾ പഴക്കമുള്ള ഒരു ഗുഹയു ്. തലശ്ശേരി കടൽ തീരത്ത് എത്തുന്ന ഗുഹയാണെന്ന് പഴമക്കാർ വിശ്വസിച്ചു വരുന്നു. സൂഫി വര്യൻമാരും നാരായണ ഗുരു പരമ്പരയിലെ സന്യാസി ശ്രേഷ്ടൻമാരും ഈ ഗുഹയിൽ തപസ്സ് ചെയ്തിരുന്നുവത്രെ. ഇന്ന് ഗുഹാമുഖം ദർശിക്കാമെന്നല്ലാതെ ആരും തന്നെ ഇതിലോട്ട് കടന്നു കയറാറില്ല. നേരത്തെ സൂചിപ്പിച്ച പോലെ ത്രേതായുഗത്തിൽ രാവണ വധം കഴിഞ്ഞു സീതയെയും ലക്ഷ്മണനെയും കൂട്ടി ശ്രീരാമൻ ഇത് വഴി വരുന്നതായി, അക്കാലത്ത് അവിടെ താമസിച്ചിരുന്ന കനക മഹർഷി മനസ്സി

ലാക്കുകയും മൂവരെയും സ്വീകരിക്കുവാനായി വിവിധ ദ്രവ്യങ്ങളുമായി കാത്തിരുന്നുവെന്നും, വഴി തെറ്റിയ ശ്രീരാമനും സംഘവും ഇവിടെ എത്താതി രിക്കുകയും നിരാശനായ മഹർഷി ഈ ദ്രവ്യങ്ങൾ മുഴുവൻ ഈ മലയിൽ കുഴിച്ചു മൂടിയെന്നും, തുടർന്ന് സമാധിയാവുകയും ചെയ്തു എന്ന പുരാവൃ ത്തവും ഈ കനകനലയ്ക്കു ്.

കനകമലയുടെ താഴ്വാരത്തുള്ള കനകാംബിക ദേവീക്ഷേത്രത്തിനു സമീപ ത്തായി കാട്ട് വള്ളി പടർപ്പുകളിലൂടെ ഒഴുകി വരുന്ന കനക തീർത്ഥം കൊടിയ വേനലിൽ പോലും ശുദ്ധമായ കുടിവെള്ളം നൽകി വരുന്നു. ഇത് പവിത്രമായ തീർത്ഥമായി വിശ്വാസികൾ കരുതുന്നു. പൊതുവേ നോക്കുക യാണെങ്കിൽ ഈ ജൈവവൈവിദ്ധ്യവും, ഗുഹയും, തീർത്ഥവും ഇതിനേ ക്കാളുപരി ഒരു നീർമറി പ്രദേശമെന്ന നിലയിലും പാരിസ്ഥിതികമായ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു സ്ഥലമാണ് . എന്നാലും ഏറ്റെടുക്കാനുദ്ദേശി ക്കുന്ന സ്ഥലം കശുമാവുകൾ വളർന്നു നിൽക്കുന്ന മേഖലയാണ്. അതായത് ഈ വനപ്രദേശത്തിന്റെ പ്ലാന്റേഷൻ ഭാഗമെന്ന് പറയാം. ഈ ഭൂമി ഏറ്റെടുക്കാ നുദ്ദേശിക്കുന്നത് ഏകദേശം ര ് ലക്ഷത്തോളം വരുന്ന സാധാരണക്കാർക്ക് കുടിവെള്ളം നൽകാനാണ്. മാത്രവുമല്ല 18.5 ഏക്കറിലെ കേവലം 35 സെന്റ് സ്ഥലം മാത്രമാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഇത് ആശ്രമത്തിന്റെ പവിത്ര തയ്ക്കും പൗരാണികമായ ഗുഹയ്ക്കും കനകതീർത്ഥത്തിനും യാതൊരു തര ത്തിലുമുള്ള ഒരു ഭീഷണി സൃഷ്ടിക്കാതെ തന്നെ ഏറ്റെടുക്കുകയാണെങ്കിൽ പാരിസ്ഥിതിക ആഘാതം ഉ ാകുന്നില്ല.

ഇതിന് തൊട്ട് താഴെയുള്ള തെക്കിലെ ലീലയുടെ സ്ഥലം കനകമലയുടെ താഴെ തന്നെയാണ്. ഇവരുടെ സ്ഥലം തെങ്ങുകളുള്ള സ്ഥലമാണ്. ഇത് തോട്ടം വിഭാഗത്തിലാണ്. ഇവിടെ 15 സെന്റ് സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്ന ത്. പൊതുവെ നല്ല ഉറച്ച മണ്ണാണ്. തട്ടുതട്ടായി തിരിക്കപ്പെട്ട് യാതൊരു തര ത്തിലുമുള്ള മണ്ണൊലിപ്പോ, സോയിൽ പൈപ്പിംഗ് പോലുള്ള പ്രയാസങ്ങളോ അനുഭവപ്പെടാത്ത മേഖലയാണ്. അതിനാൽ ഇവിടെയും പാരിസ്ഥിതിക ആഘാതം ഉ ാകുന്നില്ല.

അടുത്തതായി സേവാഗ്രാമിന്റെ അധീനതയിലുള്ള 25 സെന്റ് ഭൂമിയാണ്. തൊഴിലുറപ്പ് പദ്ധതിയിലൂടെ ഉ ാക്കിയെടുത്തിട്ടുള്ള കുറച്ച് മഴക്കുഴികൾ മാത്രമാണ് ഇവിടെയുള്ളത്.മുൻകാലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റുമായി ചരൾ മണ്ണ് കൊ ുപോയ സ്ഥലമാണ്. പാരിസ്ഥിതികമായി ആഘാ തമൊന്നും ഉ ാകുന്നില്ല. പടുവിലായി വില്ലേജിലെ എരുപ്പ്കടവ് പാലത്തിനു സമീപത്തെ ഭൂമി നിലവിൽ ഉടമസ്ഥൻ താമസിച്ചു വരുന്ന പറമ്പിന്റെ ഒരു

ഭാഗമാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതുകൊ ് പാരിസ്ഥിതികമായി യാതൊരു പ്രയാസവും ഉ ാകുന്നില്ല.

<u>**പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉ ാകുന്ന ആഘാതം –**</u> ഏറ്റെടുക്കാനുദ്ദേശിക്കുന്ന വ്യത്യസ്ത സ്ഥലങ്ങളിലുള്ള ഭൂമിയിൽ പൊതു ഇടങ്ങളോ, സ്ഥാപനങ്ങളോ, ഒന്നും തന്നെ ഇല്ല എന്നറിയിക്കുന്നു. അതിനാൽ തന്നെ പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ യാതൊരു വിധ ആഘാതവും ഉ ാകുന്നില്ല.

ചൊക്ലി, മാങ്ങാട്ടിടം എന്നീ പഞ്ചായത്ത് പ്രദേശങ്ങളെയും, പാനൂർ മുൻസിപ്പാലിറ്റി പ്രദേശത്തെയും ഏകദേശം ര ് ലക്ഷത്തോളം പേർക്ക് കുടിവെള്ളം നൽകാനാണല്ലോ ഈ പദ്ധതി കൊ ് ഉദ്ദേശിക്കുന്നത്. ഏറ്റവും പുണ്യമായ പ്രവൃത്തി ഏതാണെന്ന് പ്രവാചകനായ നബി തിരുമേനിയോട് ഒരു വിശ്വാസി ചോദിച്ചപ്പോൾ അതിന് മറുപടിയായി പറഞ്ഞത് “ കുടിവെള്ളം നൽകുക” എന്നതാണ്. അത്രമേൽ പാവനമായ ഈ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവെ തൊഴിലിനോ, വരുമാനത്തിനോ, പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ ആഘാതമു ാകുന്നില്ല. 18.5 ഏക്കർ വരുന്ന കനകമലയുടെ കശുമാവുകൾ മാത്രമു ായിരുന്ന കേവലം 35 സെന്റ് സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നത്. ഇത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കാനിടയില്ല. കൂടാതെ ഈ പദ്ധതിക്ക് ഇത്രമേൽ അനുയോജ്യമായ മറ്റൊരു സ്ഥലം കെ ത്താൻ സാദ്ധ്യതയില്ല എന്നാണ് ഇതുമായി ബന്ധപ്പെട്ട പദ്ധതി രേഖയിലും കാണാൻ കഴിയുന്നത്. അതിനാൽ ഈ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാവുന്നതാണ്.

കണ്ണൂർ　　　　　　　　　　ചെയർമാൻ

17.01.2020

kmaqly B LmX ]T\ യൂണിറ്റ്

(Ibtdmസ്-കണ്ണൂർ)